# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **948** **06.06.2018-ൽ** മറുപടിക്ക്

## സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾ നേരിടുന്ന പ്രശ്നങ്ങൾ

**ചോദ്യം**

ശ്രീ.വി.ഡി.സതീശൻ

**മറുപടി**

ശ്രീ. എ.കെ.ബാലൻ
(ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അടൂർ ഗോപാലകൃഷ്ണൻ അദ്ധ്യക്ഷനായുള്ള സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സിനിമായുടെ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; | (എ) | സിനിമാ മേഖലയുടെ സമഗ്ര പരിഷ്കരണത്തിനായി, ശ്രീ.അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ സാംസ്കാരിക വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ 'സിനിമാ റഗുലേറ്ററി അതോറിറ്റി' രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി, 1958 ലെ സിനിമാ റെഗുലേഷൻ ആക്ടും 1988 ലെ സിനിമാ റെഗുലേഷൻ റൂൾസും ഭേദഗതി ചെയ്യുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കുന്നതിന് 20.01.2018 ലെ സ.ഉ.(സാധാ)നം. 30/2018/സാം.കാ.വ, 25.05.2018 ലെ സ.ഉ.(സാധാ)നം. 363/2018/ സാം.കാ.വ. ഉത്തരവുകൾ പ്രകാരം വിദഗ്ധ സമിതി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. സിനിമാ റെഗുലേറ്ററി അതോറിറ്റി രൂപീകരിയ്ക്കുന്ന കരട് നിയമനിർമ്മാണം ഈ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സ്വീകരിക്കുന്നതാണ്. |
| (ബി) | സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾ നേരിടുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യവും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയമിച്ച ജസ്റ്റിസ് കെ.ഹേമ അദ്ധ്യക്ഷയായ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; അതിലെ പ്രധാന ശുപാർശകൾ എന്തൊക്കെയാണ് ; പ്രസ്തുത ശുപാർശകൾ നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ ; വിശദാംശം ലഭ്യമാക്കുമോ ? | (ബി) | സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾ നേരിടുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യങ്ങളും പഠിക്കുന്നതിനായി 01.07.2017 ലെ സ. ഉ.(എം.എസ്) നം.16/2017/സാം.കാ.വ ഉത്തരവ് പ്രകാരം നിയമിച്ച ജസ്റ്റിസ് ശ്രീമതി കെ.ഹേമ അദ്ധ്യക്ഷയായ സമിതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് തയ്യാറായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**